**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3517 — 22.08.2017 ൽ മറുപടിക്ക്

ബാലുശ്ശേരി താലൂക്കാശുപത്രിയുടെ വികസനം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബാലുശ്ശേരി താലൂക്കാശുപത്രിയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2017-18 വർഷത്തെ ബജറ്റിൽ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖാന്തിരം 2000 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ ബാലുശ്ശേരി താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ആശുപത്രിയ്ക്ക് നിലവിൽ വേണ്ട സ്റ്റാഫ് പാറ്റേൺ പ്രൊപ്പോസലായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) & (ഡി) | ആർദ്രം മിഷനിൽ ഉൾപ്പെട്ട ആശുപത്രിയാണ് ബാലുശ്ശേരി താലൂക്ക് ആശുപത്രി. ആർദ്രം മാനദണ്ഡ പ്രകാരം ആരോഗ്യ വകുപ്പിന് കീഴിയിലുള്ള ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ ഉൾപ്പടെ മൂന്ന് വർഷം കൊണ്ട് 5257 തസ്തിക അധികമായി സൃഷ്ടിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട് ആയതിനാൽ ബാലുശ്ശേരി താലൂക്ക് ആശുപത്രിക്ക് മാത്രമായി പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല |
| (ഡി) | ഈ പ്രൊപ്പോസൽ പ്രകാരം തസ്തിക സൃഷ്ടിക്കാൻ എത്ര സമയമെടുക്കും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ